**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2344** **21-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ബില്ലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ ബില്ലുകളാണ് മാർച്ച് മാസത്തിൽ ക്യൂവിലേക്ക് മാറ്റിയതെന്ന് വിശദമാക്കാമോ; | (എ) | 22.03.2024ലെ SS1/363/2023/Fin നിർദ്ദേശത്തെ തുടർന്ന് ട്രഷറി ക്യൂ സിസ്റ്റം നിർത്തലാക്കി, ക്യൂവിൽ ചേർത്ത ബില്ലുകൾ മുൻഗണനാ ക്രമത്തിൽ മാറി നൽകുവാനും നിർദ്ദേശിച്ചതിനാൽ ബില്ലുകൾ ഒന്നും തന്നെ പിന്നീട് ട്രഷറി ക്യൂവിലേക്ക് മാറ്റിയിട്ടില്ല. 26.03.2024 ലെ SS1/149/2024/Fin നമ്പർ കത്ത് പ്രകാരം 27.03.2024നു 5 PM വരെ തദ്ദേശ സ്ഥാപനങ്ങളുടെ ബില്ലുകൾ ട്രഷറിയിൽ സ്വീകരിച്ചിട്ടുണ്ട്. ട്രഷറി നിയന്ത്രണത്താൽ 2024 മാർച്ച് മാസത്തിൽ ട്രഷറികളിൽ ബില്ലുകൾ സ്വീകരിക്കാതിരുന്നിട്ടില്ല. |
| (ബി) | 2024 മാർച്ച് മാസം ഏതു തീയതി മുതൽ ട്രഷറികളിൽ നൽകിയ ബില്ലുകളാണ് ഇപ്രകാരം മാറ്റി വച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | 22.03.2024ലെ SS1/363/2023/Fin നിർദ്ദേശത്തെ തുടർന്ന് ട്രഷറി ക്യൂ സിസ്റ്റം നിർത്തലാക്കി, ക്യൂവിൽ ചേർത്ത ബില്ലുകൾ മുൻഗണനാ ക്രമത്തിൽ മാറി നൽകുവാനും നിർദ്ദേശിച്ചതിനാൽ ബില്ലുകൾ ഒന്നും തന്നെ പിന്നീട് ട്രഷറി ക്യൂവിലേക്ക് മാറ്റിയിട്ടില്ല. 26.03.2024 ലെ SS1/149/2024/Fin നമ്പർ കത്ത് പ്രകാരം 27.03.2024നു 5 PM വരെ തദ്ദേശ സ്ഥാപനങ്ങളുടെ ബില്ലുകൾ ട്രഷറിയിൽ സ്വീകരിച്ചിട്ടുണ്ട്. ട്രഷറി നിയന്ത്രണത്താൽ 2024 മാർച്ച് മാസത്തിൽ ട്രഷറികളിൽ ബില്ലുകൾ സ്വീകരിക്കാതിരുന്നിട്ടില്ല. |
| (സി) | ട്രഷറി നിയന്ത്രണത്താൽ 2024 മാർച്ച് മാസത്തിൽ ഏതൊക്കെ ട്രഷറികളാണ് ബില്ലുകൾ സ്വീകരിക്കുകയോ ക്യൂവിൽ ഉൾപ്പെടുത്തുകയോ ചെയ്യാതിരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 22.03.2024ലെ SS1/363/2023/Fin നിർദ്ദേശത്തെ തുടർന്ന് ട്രഷറി ക്യൂ സിസ്റ്റം നിർത്തലാക്കി, ക്യൂവിൽ ചേർത്ത ബില്ലുകൾ മുൻഗണനാ ക്രമത്തിൽ മാറി നൽകുവാനും നിർദ്ദേശിച്ചതിനാൽ ബില്ലുകൾ ഒന്നും തന്നെ പിന്നീട് ട്രഷറി ക്യൂവിലേക്ക് മാറ്റിയിട്ടില്ല. 26.03.2024 ലെ SS1/149/2024/Fin നമ്പർ കത്ത് പ്രകാരം 27.03.2024നു 5 PM വരെ തദ്ദേശ സ്ഥാപനങ്ങളുടെ ബില്ലുകൾ ട്രഷറിയിൽ സ്വീകരിച്ചിട്ടുണ്ട്. ട്രഷറി നിയന്ത്രണത്താൽ 2024 |

| | | | |
|---|---|---|---|
| | | | മാർച്ച് മാസത്തിൽ ട്രഷറികളിൽ ബില്ലുകൾ സ്വീകരിക്കാതിരുന്നിട്ടില്ല. |
| (ഡി) | ക്യൂബില്ലുകൾ 2024-25 സാമ്പത്തിക വർഷത്തിൽ മാറി നൽകിയിട്ടുണ്ടോ; | (ഡി) | നിശ്ചിത സമയ പരിധിക്കുള്ളിൽ ട്രഷറികളിൽ ഫിസിക്കൽ ബിൽ ഉൾപ്പെടെ സമർപ്പിക്കുകയും എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ പാസ്സാക്കുവാൻ കഴിയാതിരുന്നതുമായ തദ്ദേശസ്ഥാപനങ്ങളുടെ ബില്ലുകൾ 08.04.2024ലെ SS1/23/2024/FIN നമ്പർ പരിപത്ര പ്രകാരം DDO - മാർ 2024-25 സാമ്പത്തിക വർഷം ട്രഷറികളിൽ പുനഃസമർപ്പിച്ച മുറയ്ക്ക് പാസ്സാക്കി നൽകിയിട്ടുണ്ട്. |
| (ഇ) | 2024-25 സാമ്പത്തിക വർഷം പ്രസ്തുത തുക അധിക വിഹിതമായി അനുവദിക്കുമോയെന്നും ഈ സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും കുറവ് ചെയ്യുമോയെന്നും വിശദമാക്കാമോ; | (ഇ) | നിശ്ചിത സമയപരിധിക്കകം ട്രഷറികളിൽ സമർപ്പിക്കുകയും എന്നാൽ പാസ്സാക്കാൻ സാധിക്കാഞ്ഞതുമായ 2023-24 സാമ്പത്തിക വർഷത്തെ ബില്ലുകൾ 08.04.2024ലെ SS1/23/2024/Fin നമ്പർ പരിപത്ര പ്രകാരം 2024-25 സാമ്പത്തിക വർഷം പുതുക്കിയ ഭരണാനുമതി കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം അനുവദിച്ച തുക വിനിയോഗിച്ചുതീരുന്ന പക്ഷം അധിക തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (എഫ്) | ഈ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ കുറവ് ചെയ്താൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളെ ദോഷകരമായി ബാധിക്കുമോ; വ്യക്തമാക്കുമോ; | (എഫ്) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്ലാൻ ഫണ്ടിനത്തിൽ 2024-25ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിനൊപ്പം പരമാവധി 20% ക്യാരി ഓവർ തുക കൂടി ചേർക്കുമ്പോൾ ലഭിക്കുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ജി) | ക്യൂവിലാക്കിയ ബില്ലുകൾ പ്രകാരമുള്ള തുക പ്രത്യേക വിഹിതമായി അനുവദിക്കുമോ? | (ജി) | 22.03.2024 ലെ SS1/363/2023/Fin നിർദ്ദേശത്തെ തുടർന്ന് ട്രഷറി ക്യൂ സിസ്റ്റം നിർത്തലാക്കി, ക്യൂവിൽ ചേർത്ത ബില്ലുകൾ മുൻഗണനാ ക്രമത്തിൽ മാറി നൽകുവാനും നിർദ്ദേശിച്ചതിനാൽ ബില്ലുകൾ ഒന്നും തന്നെ ട്രഷറി ക്യൂവിലേക്ക് മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ